**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1678** **15-03-2022 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ ഗവൺമെന്റ് കോളേജിന്റെ അടിസ്ഥാന സൗകര്യവികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിലെ വൈപ്പിൻ ഗവൺമെന്റ് കോളേജിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | വൈപ്പിൻ സർക്കാർ ആർട്സ് ആൻഡ് സയൻസ് നിലവിൽ പ്രവർത്തിക്കുന്നത് എളംകുന്നപ്പുഴ എൽ പി സ്കൂളിൽ നിന്ന് കോളേജിന് ലഭിച്ച 52 സെന്റ് ഭൂമിയിലാണ്. കോളേജിന് ആവശ്യമായ 5 ഏക്കർ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. വൈപ്പിൻ ജനസാന്ദ്രത കൂടിയ ദ്വീപ് പ്രദേശമായതിനാൽ കെട്ടിട നിർമ്മാണം നടത്തുന്നതിന് ഉപയോഗപ്രദമായ ഭൂമി കണ്ടെത്തുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.വൈപ്പിൻ പ്രദേശത്ത് സർക്കാർ ഭൂമിയോ പുറമ്പോക്ക് ഭൂമിയോ ലഭ്യമല്ല എന്ന് റവന്യൂ അധികാരികളും അറിയിച്ചിട്ടുണ്ട്.ആയതിനാൽ നിർമ്മാണം സാധ്യമാകുന്ന സ്വകാര്യവ്യക്തികളുടെ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. വിവിധ ശീർഷകങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ച തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വൈപ്പിൻ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി വഴി 10 കോടി രൂപ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; ടി തുക ഉപയോഗിച്ച് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമായിരിക്കുമെന്ന് വിശദമാക്കാമോ? | (ബി) | വൈപ്പിൻ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിനെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ച് പ്രത്യേകം ഉത്തരവ് നൽകിയിട്ടില്ല. എന്നാൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പുതിയ കോളേജുകളുടെ ലിസ്റ്റിൽ ടി കോളേജ് ഉൾപ്പെട്ടിട്ടുണ്ട്. പുതിയ കോളേജുകളുടെ സ്ഥലം ഏറ്റെടുക്കൽ, കെട്ടിട നിർമ്മാണം എന്നിവയ്ക്കായി കിഫ്ബി പദ്ധതിയിൽ അനുവദിക്കുന്ന തുക ഉപയോഗപ്പെടുത്താൻ സാധിക്കും. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| നം | ശീർഷകം | തുക | | | |
|---|---|---|---|---|---|
| | | 2018-19 | 2019-20 | 2020-21 | 2021-22 |
| 1 | 2202-03-103-94 -പുതിയ കോഴ്സുകൾ ആരംഭിക്കുക. | 592811 | -- | -- | -- |
| 2 | 2202-03-103-73 ഐ ടി ഗ്രിഡ് | 57,230 | -- | -- | -- |
| 3 | 2202-03-103-75 (സി ഐ യു പി) | 45,,139 | -- | -- | -- |
| 4 | 2202-03-103-76 -ലാബ് ലൈബ്രറി വികസനം | 2,17204, | 344793 | 55,649 | 100000 |
| 5 | 2202-03-103-50- അടിസ്ഥാന സൗകര്യ വികസനം | -- | -- | -- | 592252 |
| 6 | 2202-03-103-52-ക്വാളിറ്റി എൻഹാൻസ്മെന്റ് | -- | 546954 | 437261 | 709000 |
| 7 | 2202-03-001-87 (ഐ സി ടി) | | | 300000 | |
| | ആകെ | **912384** | **891747** | **7,92910** | **1401252** |
| | ആകെ | **3998293** | | | |

**സെക്ഷൻ ഓഫീസർ**